For Private Circulation Only

november 2018

ആഗമനാരുണൻ

Vol.65

" ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന സിംഹം എന്നപോലെ ..... ചുറ്റി നടക്കുന്നു" (1 പത്രൊ.5:8)

No.11

നമ്മുടെ കാലത്ത് ഒരു ഉണർവ്വിനായി അപേക്ഷിക്കുന്നു

By Martyn Lloyd - Jones

നടന്നിട്ടുള്ള എല്ലാ ഉണർവുകളിലും പൊതുവായി കാണപ്പെടുന്ന ചില പ്രത്യേകതകളുണ്ട്. ആത്മിക കാര്യങ്ങളെക്കുറിച്ച് മറ്റൊരിക്കലും ഉണ്ടായിട്ടില്ലാത്ത അവബോധവും കാഴ്ചപ്പാടും പെട്ടെന്ന് ജീവിതങ്ങളിലേയ്ക്ക് കടന്നു വരുന്നു. വിശ്വാസികളെ സംബന്ധിച്ച് പഠിക്കുമ്പോഴും പെട്ടെന്ന് ദൈവസാന്നിദ്ധ്യത്തിന്റെയും ശക്തിയുടെയും ആവശ്യത്തെക്കുറിച്ച് ബോധവാന്മാരാകുന്നു. അങ്ങനെ ദൈവത്തിന്റെ ശക്തമായ സാന്നിദ്ധ്യം വെളിപ്പെടുന്നു. സംഭവിക്കുന്നതൊന്നും മുമ്പ് നടന്നിട്ടില്ലാത്തവയല്ല. ആയിരംതവണ അതിനെക്കുറിച്ച് കേട്ടിട്ടുള്ളവരായിരിക്കാം, പക്ഷേ അർ സാക്ഷീകരിക്കുന്നത്. നിങ്ങൾക്കറിയാമോ, എല്ലാം എനിക്ക് നന്നായി ഭവിച്ചിരിക്കുന്നു. ഞാൻ അറിഞ്ഞിരുന്നതും ആശ്രയിച്ചിരുന്നതുമായ ദൈവവചനം പെട്ടെന്ന് എനിക്ക് ശക്തിയായി പ്രകാശിപ്പിക്കപ്പെട്ടു. അറിയുകയും മനസിലാക്കുകയും ചെയ്തത് വേണ്ടവണ്ണം ഞാൻ ചെയ്തിരുന്നില്ല എന്ന് ഞാൻ മനസിലാക്കി. പരിശുദ്ധാത്മാവ് മനസിനെയും ചിന്തകളെയും ഉണർത്തുന്നു. കാണുവാൻ മാത്രമല്ല ദൈവത്തിന്റെ ശക്തിയെ അനുഭവിച്ചറിയുവാനും നമ്മെ സഹായിക്കുന്നു.

അതിശ്രേഷ്ഠമായ ദൈവമഹത്വം

നമ്മെ കൂടുതലായി ഉണർത്തുന്ന സംഗതികൾ എന്തൊക്കെയാണ്.? ശ്രേഷ്ടമായതും ഒന്നാമത്തേതുമായത്, ദൈവത്തിന്റെ മഹത്വവും തന്റെ വിശുദ്ധിയുമാണ്. ദൈവവചനം വായിക്കുമ്പോൾ പെട്ടെന്ന് ദൈവത്തിന്റെ സാന്നിദ്ധ്യം ശക്തമായി വ്യാപരിക്കുന്നത് എപ്പോഴെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ? ദൈവസാന്നിദ്ധ്യം അനുഭവിക്കുമ്പോൾ ഇയ്യോബ് ഒന്നും സംസാരിപ്പാൻ കഴിയാതെ വായ്പൊത്തുന്നു. യെശയ്യാവ് പറയുന്നു. " എനിക്ക് അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ " (യെശ. 6:5). എന്താണതിന്റെ അർത്ഥം? ദൈവത്തിന്റെ വിശുദ്ധിയെക്കുറിച്ചും അവിടുത്തെ സാന്നിദ്ധ്യത്തെക്കുറിച്ചും മഹത്വത്തെക്കുറിച്ചുള്ള ബോധം അവരെ ഭരിക്കുകയാണ് ചെയ്യുന്നത്. ദൈവത്തോടുള്ള അമിതമായ ബഹുമാനം, തന്റെ വിശുദ്ധിയെ സംബന്ധിച്ച ഭയം, ദൈവത്തിന്റെ അധികാരത്തെ സംബന്ധിച്ച ബോധം, ദൈവത്തിന്റെ മഹത്വം എന്നിവയുടെ പ്രതിഫലനമാണ് അവിടെ കാണുന്നത്.

ആഴമായ പാപബോധം

മുകളിൽ കണ്ടതുപോലെ ഉണർവുണ്ടാകുമ്പോൾ, അത് നമ്മെ ആഴമായ പാപബോധത്തിലേയ്ക്കും പാപം തങ്ങളുടെ ജീവിതത്തിൽ വരുത്തുന്ന ദാരുണമായ അവസ്ഥയെക്കുറിച്ചുമുള്ള ബോധത്തിലേയ്ക്കും നടത്തുന്നു.ദൈവമുമ്പാകെ നില്ക്കുവാൻ കഴിയാത്ത അയോഗ്യതയിലേയ്ക്കും നിസഹായരാണ് എന്ന ബോധത്തിലേക്ക് അത് നമ്മെ നടത്തുന്നു, മാറത്തടിച്ച് " പാപിയായ എന്നോട് കരുണതോന്നണമേ " എന്ന് നിലവിളിച്ച ചുങ്കക്കാരനെപ്പോലെ ദൈവമുഖത്തേയ്ക്ക് നോക്കുവാൻ അയോഗ്യനാണ് എന്ന ചിന്തയിലേക്ക് നടത്തപ്പെടുന്നു. ദൈവത്തിന്റെ വിശുദ്ധ, മനുഷ്യന്റെ പാപം, ദുഷ്ടത, അയോഗ്യത; ഒരു നന്മയും ജീവിതത്തിൽ ചെയ്യാൻ തങ്ങൾക്ക് കഴിഞ്ഞിട്ടില്ല എന്ന യാഥാർത്ഥ്യത്തിലേക്ക് നടത്തപ്പെടുന്നു. ഒരിക്കൽ അവർ ചിന്തിച്ചു, ഞങ്ങൾ വൻകാര്യങ്ങൾ ചെയ്യുന്നു, ഇപ്പോൾ ബോദ്ധ്യമാവുന്നത്, ഞങ്ങൾ ഒന്നും ചെയ്തിട്ടില്ല എന്നും ഉപയോഗമില്ലാത്തവരാണ് എന്നുമാണ്. പൗലൊസ് പറഞ്ഞതുപോലെ ജീവിതത്തിന്റെ നേട്ടങ്ങൾ ചപ്പും ചവറും എന്ന് എണ്ണുകയും യെശയ്യാവ് പറഞ്ഞതുപോലെ അരിഷ്ടമനുഷ്യൻ എന്ന് എണ്ണുകയും ചെയ്യുന്നു. ദൈവത്തിന്റെ സ്നേഹത്തിന്റെയും, കരുണയുടെയും, മഹാദയയുടെയും മുമ്പിൽ എല്ലാം നഗ്നവും മലർന്നതുമായിരിക്കുന്നു എന്നും ബോദ്ധ്യമാവുന്നു. ഈ അനുഭവം വേദപുസ്തകത്തിലുടനീളം നാം കാണുന്നു. നിങ്ങളെ ഒന്നു പരിശോധിക്കൂ, ഇതു വായിക്കുമ്പോൾ ഇതിൽ ഏതെങ്കിലും ഒന്ന് നിങ്ങളുടെ ഹൃദയങ്ങളെ സ്പർശിക്കും. അതാണ് ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി. ആളുകൾ അങ്ങനെ ആ അനുഭവത്തിലും അവസ്ഥയിലും ആയിത്തീരുന്നു. ചില മണിക്കൂറുകൾക്കല്ല, ദിവസങ്ങൾക്കല്ല, മാസങ്ങൾക്കല്ല ജീവിതം തന്നെ ആ അനുഭവത്തിലേക്ക് മാറ്റപ്പെടുന്നു.

ദൈവസ്നേഹത്തെ സംബന്ധിച്ച ആഴമായ ബോധം

ദൈവത്തെക്കുറിച്ചും കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചും പ്രത്യേകാൽ യേശുവിന്റെ ക്രൂശുമരണത്തെ സംബന്ധിച്ചുമുള്ള കാഴ്ചപ്പാടിലേയ്ക്കും നയിക്കപ്പെടുന്നു. ഒടുവിൽ അത് കണ്ടെത്തുന്നു. അതെ, അവർ എപ്പോഴും തത്വാധിഷ്ഠിതമായി വിശ്വസിച്ചു, സാധാരണ ആരാധനയിൽ പങ്കെടുത്തു വന്നു, അതിനപ്പുറം ഒന്നും ബോദ്ധ്യപ്പെട്ടില്ല, ഒന്നും യാഥാർത്ഥ്യമായി അനുഭവിപ്പാൻ കഴിഞ്ഞില്ല, ആ ശക്തിയെ അവർ തിരിച്ചറിഞ്ഞില്ല. ആ അയോഗ്യതാബോധത്തെ പാപത്തിന്റെ ശക്തിയെ ഉരുക്കിമാറ്റി അതിന്റെ ബന്ധനങ്ങളെ

(ശേഷം 5-ാംപേജിൽ)

ചലനം എന്നിൽ ആരംഭിക്കട്ടെ

By Jin Jarman

1950-ൽ സ്കോട്ട്ലണ്ടിലുള്ള ലെവിഡ് എന്ന ദ്വീപിൽ ഒരു ഉണർവ്വ് പൊട്ടിപുറപ്പെട്ടു. രണ്ട് പ്രായമുള്ള സഹോദരിമാരായ അമ്മച്ചിമാരുടെ പ്രാർത്ഥനയായിരുന്നു അതിന് കാരണമായത്. പെഗിസ്മിത്ത് എന്ന മൂത്തയാൾക്ക് 84 വയസ്. സഹോദരിയായ ക്രിസ്റ്റീനയ്ക്ക് 82 വയസ്സ്. സന്ധിവാതം പിടിച്ച് നടക്കുവാൻ ബുദ്ധിമുട്ടുള്ളവരായിരുന്നു അവർ.

ഹൃദയത്തിലെ ആഴമായ ആത്മഭാരം നിമിത്തം അവർ പ്രാർത്ഥിക്കുവാനാരംഭിച്ചു. അവർ വേദനയുള്ള മുട്ടുകളിൽ നിന്ന് ആഴ്ചയിൽ രണ്ട് പ്രാവശ്യം ഉണർവിനു വേണ്ടി പ്രാർത്ഥിച്ചു. വൈകുന്നേരം 10 മണിമുതൽ രാവിലെ മൂന്നോ നാലോ മണിവരെ ആ പ്രാർത്ഥന നീണ്ടു. അനേക മാസങ്ങൾ ആ പ്രാർത്ഥന നീണ്ടു. ദൈവം അവർക്ക് ഒരു ദർശനത്തിൽ ആ ദ്വീപിനെ വ്യത്യാസപ്പെടുത്തുന്ന ഒരു ദൈവമനുഷ്യനെ അവരെ കാണിച്ചു. അദ്ദേഹത്തെ അവർ ഒരിക്കലും കണ്ടിട്ടില്ലായിരുന്നു. അദ്ദേഹത്തിന്റെ പേര് ഡങ്കൻ ക്യാപ്ബൽ എന്നായിരുന്നു. ദൈവവചനം പ്രസംഗിക്കുവാനും ആ ദ്വീപിലെ ഉണർവിന് നേതൃത്വം നൽകാനുമായി ദൈവം അദ്ദേഹത്തെ അവിടേയ്ക്ക് അയച്ചു.

ദൈവപ്രവൃത്തിയുടെ പ്രകൃത്യാതീതമായ നിമിഷങ്ങൾ

ആ ദ്വീപിലെ ആളുകൾ ദൈവത്തിങ്കലേയ്ക്ക് നടത്തപ്പെട്ടു. വലിയ പ്രചരണം കൂടാതെ ടെലിഫോണിന്റെയോ ഇന്റർനെറ്റിന്റെയോ സഹായം കൂടാതെ അർദ്ധരാത്രികളിൽ ഉണർന്ന് പള്ളികളിലും താല്ക്കാലിക ഷെഡുകളിലുമായി കൂടിവന്നു. അതിനുകഴിയാതെ വരുമ്പോൾ റോഡരികിൽ വീണിട്ട് കരയുവാനും അനുതപിക്കുവാനും പാപങ്ങളെ ഏറ്റുപറയാനും തുടങ്ങി. ബർവാസ് എന്ന ഒരു ചെറിയ ടൗണിൽ ആരേഭിച്ച പ്രാർത്ഥന, ലെവിസ് എന്ന ദ്വീപിന്റെ ഇരുട്ടിനെ വെളിച്ചമാക്കി മാറ്റി. പല പട്ടണങ്ങളും ക്രിസ്തുവിലേയ്ക്ക് തിരിഞ്ഞു. അർണോർ എന്ന യാളിന്റെ പള്ളികൂടാതെ എല്ലാവരും മാനസാന്തരപ്പെട്ടു.

അർണോൾ സുവിശേഷത്തെ എതിർത്തു നിന്നു. ഡങ്കൻ ക്യാംപ്ബൽ പറയുന്നതിന് അവർ ചെവികൊടുത്തില്ല. ഉർവ്വിനെതിരെ അവർ യോഗങ്ങൽ നടത്തി. ക്യാംപ്ബൽ എന്ന ദൈവഭക്തനും കൂട്ടിവേലക്കാരും ഇതിന് പ്രാർത്ഥനയല്ലാതെ മറ്റൊരു വഴിയില്ലായിരുന്നു എന്ന് അവർ മനസിലാക്കി.

ഒരു ദിവസം അവർ ഒരു കൃഷിയിടത്തെ ഷെഡ്ഡിൽ ഒരു വൈകുന്നേരം പ്രാർത്ഥിപ്പാൻ തുടങ്ങി. ദൈവം വേദപുസ്തകത്തിൽ അരുളിചെയ്തിട്ടുള്ള ധാരാളം വാഗ്ദത്തത്തെ പറഞ്ഞു ദൈവത്തോടു പ്രാർത്ഥിച്ചു. അർദ്ധരാത്രിയിൽ പ്രാർത്ഥനയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഒരു കൊല്ലപ്പണിക്കാരനോട് ക്യാംപ്ബൽ പ്രാർത്ഥിക്കുവാനാവശ്യപ്പെട്ടു. അദ്ദേം രണ്ട് മണിക്കൂറിലേറെയായി പ്രാർത്ഥിക്കുകയായിരുന്നു. ജോൺ എന്ന ആ കൊല്ലൻ പ്രാർത്ഥന അവസാനിക്കുന്നതിന് തൊട്ട് മുമ്പ് അദ്ദേഹം തൊപ്പി തന്റെ കയ്യിൽ പിടിച്ചുകൊണ്ട് സ്വർഗ്ഗത്തിൽ നോക്കി, ഇപ്രകാരം പറഞ്ഞു. ദൈവമേ നിന്റെ മഹത്വം വെല്ലുവിളിക്കപ്പെട്ടിരിക്കുന്നത് അങ്ങ് അറിയുന്നില്ലേ? വിശന്നും

(ശേഷം 8-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വനന്ദനം. “ദൈവമേ എന്നോടു കൃപയുണ്ടാകണമേ, എന്നോടു കൃപയുണ്ടാകണമേ, ഞാൻ നിന്നെ ശരണം പ്രാപിക്കുന്നു. അതേ, ഈ ആപത്തപകൾ ഒഴിഞ്ഞുപോകുവോളം ഞാൻ നിന്റെ ചിറകിൻ കീഴിൽ ശരണം പ്രാപിക്കുന്നു. അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു എനിക്കു വേണ്ടി സകലവും നിർവ്വഹിക്കുന്ന ദൈവത്തെ തന്നെ” (സങ്കീ. 57;1,2)

2018-ാം വർഷത്തിന്റെ ഒക്ടോബർ മാസം നമ്മെ വിട്ട് കടന്നുപോയി. നവംബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

ഈ ലോകത്തിൽ ജീവിക്കുന്ന നാളെല്ലാം വലിയവനായ ഈ ദൈവത്തെ ആശ്രയമാക്കിക്കൊള്ളുന്നു എങ്കിൽ അത് എത്ര വലിയ ഭാഗ്യമാണ്. നമ്മുടെ സകല ആവശ്യങ്ങൾക്കും പ്രശ്നങ്ങൾക്കും ഉത്തരമാണ് യഹോവ തന്നെ ആശ്രയമായിരിക്കുക എന്നത്. എല്ലാ പ്രശ്നങ്ങളെയും തരണം ചെയ്യുവാനുള്ള ആത്മവീര്യവും അതു നമ്മിൽ പകർന്നു തരും. പ്രിയരേ, നമ്മുടെ ആശ്രയം ആരിലാണ് അധിഷ്ടിതമായിരിക്കുന്നത്. ദൈവത്തിലോ മറ്റു ഭൗതിക വസ്തുക്കളിലോ? ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ച് തൃപ്തരായിരിക്കുവാൻ നമുക്ക് തീരുമാനിക്കാം. കടുത്ത ദു:ഖത്തിലും വേദനയിലും പ്രതിസന്ധിയിലും നമ്മെ കൈവിടാത്ത ഒരു ദൈവമാണ് നമുക്കുള്ളതെന്ന ചിന്ത നമ്മിലെ ദൈവാശ്രയം വർദ്ധിക്കുവാൻ ഇടയാക്കട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

സ്വർഗ്ഗത്തിൽ നിന്നുള്ള അഗ്നി

By Del Fehsenfeld

ഇത് പ്രത്യേകമായൊരു ദിവസം. സൂര്യന്റെ ചൂട് വർദ്ധിക്കുന്നു. ഭൂമി വരണ്ടു പോകുന്നു. വളരെക്കാലമായി ജനം മേഘമില്ലാത്ത ആകാശത്തിൻ കീഴിൽ ഇരിക്കുന്നു. ബാലിനും യഹോവയ്ക്കും മദ്ധ്യേ ഒരു കൂട്ടം നിശബ്ദകാഴ്ചക്കാർ 850 ബാലിന്റെ പ്രവാചകന്മാർ ഒരു വശത്ത്, യഹോവയുടെ പക്ഷത്ത് എകനായി ഒരുവൻ.

ശാന്തമായി നോക്കികാത്തിരുന്നു. ബാലിന്റെ പ്രവാചകന്മാരുടെ ഊഴമായിരുന്നു ആദ്യം, അതിനുശേഷം ഇടിയും മിന്നലും തീയും ഉണ്ടാക്കിയ ദൈവത്തോട് തീയിറക്കുവാനായി ശാന്തമായി പ്രാർത്ഥിക്കുന്നു. എന്നാൽ അവർ നിലവിളിച്ചു. ഫലമുണ്ടായില്ല. ശ്രദ്ധയോടെ കരഞ്ഞു മറുപടിയുണ്ടായില്ല. ബാലേ ഉത്തരമരുളേണമേ തീയിറക്കണമേ എന്നു നിലവിളിച്ചു. മറുപടിയില്ല, തീയുമില്ല. യാഗപീഠത്തിലേയ്ക്ക് ചാടീവീണു, തങ്ങളെതന്നെ മുറിവേല്പിച്ചു, രക്തം ഒഴുകി ഫലമുണ്ടായില്ല, തീയിറങ്ങിയില്ല എന്നു മാത്രമല്ല, ഒരു തീപ്പൊരിപോലും കണ്ടില്ല.

മൂന്നു വർഷക്കാലം എല്ലാം ശാന്തമായിരുന്നു. തീയില്ല, മഴയില്ല, മറുപടിയില്ല യാതൊരു ഫലവുമുണ്ടായില്ല. ക്ഷീണിച്ച് അവശരായി, നിരാശപ്പെട്ടു, ഒടുവിൽ പരാജയം സമ്മതിക്കേണ്ടിവന്നു.

1 രാജാക്കന്മാർ 18-ാം അദ്ധ്യായത്തിൽ ഇന്നത്തെ സഭയുടെ അനുഭവങ്ങൾ കാണാം, ഇന്നത്തെ സഭയുടെ പരാജയം എന്നത്, ആത്മീയമായ ലക്ഷ്യമില്ല, പദ്ധതികളില്ല,

ദൈവസാന്നിദ്ധ്യം ഇറങ്ങാനായുള്ള ശരിയായ സമർപ്പണമില്ല.

യഥാർത്ഥത്തിൽ നമുക്ക് പദ്ധതികൾക്ക് കുറവൊന്നുമില്ല. ദൈവശക്തിയുടെ വ്യാപാരത്തിനായുള്ള പരിശ്രമങ്ങൾക്കും ഉത്സാഹങ്ങൾക്കും കുറവൊന്നുമില്ല. സഭയുടെ കാര്യപരിപാടിയിൽ ആരാധകരുടെ നീണ്ട പട്ടികയുണ്ട്. പരസ്യയോഗങ്ങളുണ്ട്. കോൺഫറൻസുകളുണ്ട്. ബഹുവിധമായ പരിപാടികളുണ്ട്, നാം വളരെ ശബ്ദം ഉണ്ടാക്കുന്നുണ്ട്. നമ്മുടെ പരിപാടികളിൽ നാം തിരക്കുള്ളവരാണ്. ഒരു പക്ഷേ വിശ്വസ്തതയും നിഷ്കളങ്കത്വവും ഉള്ളവരാണ്. എന്നാൽ ഇപ്പോഴും ഉയരത്തിൽ നിന്നും ഒരു മറുപടിയില്ല, തീയും ഇറങ്ങുന്നില്ല.

പരിശ്രമത്തിന് കുറവൊന്നുമില്ല. നാം അങ്ങനെ ചെയ്യുന്നുണ്ട്. പ്രത്യക്ഷത്തിൽ നമ്മുടെ പരിപാടികൾ, പദ്ധതികൾ, യോഗങ്ങൾ, യാത്രകൾ, ചെലവുകൾ, സ്നാനങ്ങൾ, കമ്മിറ്റികൾ, കൺവെൻഷനുകൾ എല്ലാം എല്ലാമുണ്ട് എന്നാൽ എല്ലാം പരാജയപ്പെടുന്നു. സ്വർഗ്ഗത്തിൽ നിന്നുള്ള തീ ഇറങ്ങുന്നില്ല.

ഒരു ചെറിയ തീപ്പൊരിയെങ്കിലും ഉണ്ടാക്കിയെടുക്കാൻ നേതാക്കളും പ്രവർത്തകരും കിണഞ്ഞു ശ്രമിക്കുന്നുണ്ട്. ശരാശരി സഭാംഗങ്ങൾ ലോകത്തോടൊപ്പം വിശ്രമത്തിലാണ് പ്രവർത്തിക്കുന്നു; കാത്തിരിക്കുന്നു, പക്ഷേ അത്ഭുതം, തീ എവിടെയാണ്.

തീയ്ക്കായി പ്രാർത്ഥിക്കുന്നു.

പ്രവർത്തനമണ്ഡലത്തിൽ ഒരു വ്യത്യസ്തകാഴ്ച മൂന്നു വർഷങ്ങൾക്കു മുമ്പ് രാജാവിനോട് ദൂത് പറഞ്ഞിട്ട് ഓടിപ്പോന്നു. രാജാവ് തന്റെ ഒടുക്കിക്കളയുവാൻ തക്കം നോക്കി നടക്കുന്നു. എന്നാൽ ഇപ്പോൾ മരിക്കുവാൻ തയ്യാറാവുന്നു. എന്നാൽ അങ്ങനെയല്ല, അവൻ സുരക്ഷിതനാണ്, ഉറപ്പും ധൈര്യവുമുള്ളവനാണ്.

ഇപ്പോൾ തന്നെ ശ്രദ്ധിക്കുവാനായി ആളുകളെ വിളിക്കുന്നു. അവർ അവന്റെ

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

ചുറ്റും വന്നു. ഇദ്ദേഹം എപ്പോഴും ഒരു അസാധാരണ വ്യക്തിയാണ് തന്റെ കാലത്തിലെ എന്നല്ല എക്കാലത്തേയും മതനേതാക്കളിൽനിന്നും തികച്ചും വ്യത്യസ്തൻ. വളരെ കുറച്ചുമാത്രം സംസാരിക്കുന്നവൻ.

തന്റെ ദൂത് പാരമ്പര്യത്തിന്റെ കെട്ടുപാടുകളെ കീറിമുറിക്കുന്നു. യഹോവയോടൂകൂടെയോ ബാലിനോടുകൂടെയോ പരസ്യമായി

(3-ാം പേജിന്റെ തുടർച്ച)

നില്ക്കുവാനുള്ള തന്റെ വെല്ലുവിളി അത്ര എളുപ്പമായ ഒന്നല്ല എന്നറിയാം. അധികമാരും അതിനൊരുമ്പെടുമായിരുന്നില്ല.

ഇപ്പോൾ അവൻ ആളുകളുടെ ശ്രദ്ധയെ യഹോവയുടെ യാഗപീഠത്തിലേയ്ക്ക് ക്ഷണിക്കുന്നു. വർഷങ്ങളായി ഉപയോഗിക്കാതെ, കേടുപോക്കാതെ കിടന്നിരുന്ന യാഗപീഠം. ഒന്നിനു പുറകേ ഒന്നായി പന്ത്രണ്ട് വലിയ കല്ലുകൾ എടുത്ത് യാഗപീഠം പണിതു. യാഗവസ്തു ഒരുക്കിയ യാഗപീഠത്തിന്മേൽ വെച്ചു. ജനത്തിന്റെ നേരെ തിരിഞ്ഞു നാലു തൊട്ടിവെള്ളം അതിന്മേൽ ഒഴിക്കുവാൻ കല്പിച്ചു.

എന്ത്? തന്റെ മനോനിലതെറ്റിയോ? എല്ലാവർക്കും അറിയാം, നനഞ്ഞ വിറക് കത്തുകയില്ല! ഈ വിശ്വസ്തനായ മനുഷ്യന് അത് അറിയാം, കഴിഞ്ഞ മൂന്നു വർഷത്തിലധികമായി അത് നനയാതെ കിടക്കുകയായിരുന്നില്ലേ? എന്നിരുന്നാലും അവർ അവന്റെ വാക്ക് അനുസരിച്ചു.

എന്നിട്ട് ഒരു ചെറിയ പ്രാർത്ഥന, അപ്പോൾ ...തീ! തീപ്പെട്ടിയില്ലായിരുന്നു, മണ്ണെണ്ണയില്ലായിരുന്നു, മാജിക്കില്ല, ആൾമാറാട്ടമില്ല അഭിനയമില്ല. തീ മാത്രം. യഥാർത്ഥ തീ. തീ വെള്ളത്തെ നക്കിയെടുത്തു, അക്ഷരികമായി തന്നെ യാഗത്തെ കത്തിച്ചു, വിറക്, കല്ലുകൾ, മണ്ണും കൂടെ തീ വിഴുങ്ങി. സ്വർഗ്ഗത്തിൽ നിന്നുള്ള അഗ്നി, ദൈവത്തിന്റെ അഗ്നി.

എന്താണ് ദൈവത്തിന്റെ തീ?

ഉയരത്തിൽ നിന്നുള്ള തീയുടെ പകർച്ചയല്ലാതെ മറ്റെന്തെങ്കിലും ഇന്നത്തെ സഭയ്ക്കാവശ്യമുണ്ടോ എന്നെനിക്കറിയില്ല. ദൈവത്തിന്റെ അഗ്നിക്ക് നാം ശ്രദ്ധകൊടുക്കുമ്പോൾ ദൈവത്തിന്റെ വെളിപ്പെടുത്തപ്പെട്ട സാന്നിദ്ധ്യത്തിനും മഹത്വത്തിനുമാണ് നാം ശ്രദ്ധകൊടുക്കുന്നത്. നാം സ്വീകരിക്കുന്നത് ദൈവത്തിന്റെ പ്രകൃത്യാതീതമായ ശക്തിയെയാണ്.

ആ അനുഭവം നല്ലയോഗങ്ങളെക്കാൾ നല്ല വാദ്യങ്ങളെക്കാൾ, നല്ല പ്രസംഗങ്ങളെക്കാൾ ശ്രേഷ്ടമായതാണ്. അത് നൽകുന്ന അനുഭവങ്ങൾ വർണ്ണനകൾക്ക് അതീതമാണ്. അങ്ങനെ നാം ചെയ്യുന്ന കാര്യങ്ങൾ മനുഷ്യന്റെ പ്ലാനിനും പദ്ധതികൾക്കും അതീതമാണ്.

ആ കാര്യങ്ങൾ സാധാരണയായി പരിശുദ്ധാത്മാവ് തന്റെ ജനത്തിന്മേൽ ചെയ്യുന്നതിനേക്കാൾ അതീതമാണ്. നാം സ്വീകരിക്കുന്നത് നമ്മുടെ ജീവിതത്തിലും സഭയിലും പരിശുദ്ധാത്മാവ് തന്റെ മഹത്വം വെളിപ്പെടുത്തുവാനായി ചെയ്യുന്ന അസാധാരണമായ പരിശുദ്ധാത്മപ്രകർച്ചയാണ്.

ആ അഗ്നി എന്താണ് ചെയ്യുന്നത്?

ആ തീ ഇറങ്ങുമ്പോൾ, യഥാർത്ഥത്തിൽ ദൈവം ആരാണെന്ന് നാം ദൈവത്തെ അറിയുകയാണ് ചെയ്യുന്നത്. പഴയനിയമവും പുതിയനിയമവും ഒരു പോലെ വെളിപ്പെടുത്തുന്നത് അവിടുന്ന് ദഹിപ്പിക്കുന്ന അഗ്നിയായിട്ടാണ്.

സീനായ്മലയിൽ, ന്യായപ്രമാണം കൊടുക്കുമ്പോൾ മിന്നലും, ഇടിയും, ശബ്ദങ്ങളുമായിട്ടാണ് ദൈവം തന്നെ വെളിപ്പെടുത്തുന്നത്. വേദപുസ്തകത്തിലെ ഒടുവിലത്തെ പുസ്തകത്തിൽ യോഹന്നാൻ കാണുന്നത് "തന്റെ സിംഹാസനമുറിയിൽ നിന്നുള്ള മിന്നലും നാദവും ഇടിമുഴത്തോടും കൂടെയാണ്. സിംഹാസനത്തിൽ നിന്നും മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നു" (വെളി. 4:5).

ഉയരത്തിലെ അഗ്നി അയച്ച് ദൈവം തന്റെ സഭയെ പരിപാലിക്കുന്നു. അതിൽ ആളുകൾ ഏറെ സുരക്ഷിതരാണ്. അശുദ്ധി, ലോകമയത്വം, താല്ക്കാലികവും ആയതെല്ലാം തീ ദഹിപ്പിച്ചുകളയുന്നു.

ദൈവത്തിന്റെ തീ ശുദ്ധീകരിക്കയും, ഉരുക്കുകയും നശിപ്പിക്കയും ചെയ്യുന്നു. "നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ" (എബ്രാ. 12:29). "അവൻ ഊതിക്ക ഴിക്കുന്ന തീ പോലെയും" (മലാ. 3:2). അത് അശുദ്ധിയെ ഇല്ലാതാക്കി. ഉപയോഗമില്ലാത്തതിനെ വേർതിരിക്കുന്നു.

ദൈവത്തിന്റെ അഗ്നി ഇറങ്ങുമ്പോൾ പാപം വ്യക്തമായും യാതൊരു അനുരജ്ഞനവുമില്ലാതെ ശിക്ഷിക്കപ്പെടുന്നു. പുറമെയുള്ള പാപങ്ങൾ മാത്രമല്ല, ജഡത്തിൽ മറഞ്ഞിരിക്കുന്ന പാപങ്ങളെയും വിധിക്കുന്നു. ബഹുമാനത്തിന്റെ പുറംമൂടികളെ എടുത്തു മാറ്റുന്നു. അഭിനയങ്ങളെ നീക്കിക്കളയുന്നു. എല്ലാം കാണുകയും എല്ലാം അറിയുകയും ചെയ്യുന്ന സർവ്വശക്തായ കർത്താവിന്റെ മുമ്പിൽ സകലവും വെളിവാകയും ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു.

ദൈവത്തിന്റെ അഗ്നി ഇറങ്ങുമ്പോൾ ആഴമായ പാപബോധവും പാപത്തെക്കുറിച്ചുള്ള ദു:ഖവും ഉണ്ടാകുന്നു. ദൈവത്തിന്റെ വിശുദ്ധിയുടെ തീവ്രമായ വെളിച്ചത്താൽ ഒരിക്കൽ അംഗീകരിക്കപ്പെട്ടിരുന്ന കാര്യങ്ങൾ പെട്ടെന്ന് വെറുപ്പായി തോന്നുന്നു. കഠിനമായ ഹൃദയങ്ങൾ ഉരുകുന്നു. പാപത്തെക്കുറിച്ചുള്ള ശരിയായ അനുതാപവും നുറുക്കവും ആത്മിക ജീവിതത്തിൽ പുനസ്ഥാപിക്കപ്പെടുന്നു.

സ്വർഗ്ഗത്തിലെ തീ ഇറങ്ങുമ്പോൾ, വിശ്വാസികളുടെ പരിശ്രമങ്ങളും പ്രവർത്തികളുമെല്ലാം പരിശോധിക്കപ്പെടും. പ്രത്യക്ഷത്തിൽ ആത്മീയരായി അഭിനയിച്ച പലരുടെയും പ്രവൃത്തികൾ ലോകമനുഷ്യരെക്കാൾ അധ:പതിച്ചതായിരുന്നു എന്നു വെളിപ്പെട്ട് മരം, പുല്ല്, വൈക്കോൽ എന്നതുപോലെ ദഹിപ്പിക്കപ്പെടും.

സ്വർഗ്ഗത്തിലെ അഗ്നി ഇറങ്ങുമ്പോൾ പാരമ്പര്യമായ രീതികളും പരിപാടികളുമെല്ലാം വ്യത്യാസപ്പെടും, സഭയുടെ പ്രവൃത്തികളും പരിപാടികളും പരിശുദ്ധാത്മാവ് ഏറ്റെടുക്കും.

ദൈവത്തിന്റെ അഗ്നി വരുമ്പോൾ, അവിടെ ശക്തിയുമുണ്ട്. അവിടെ വളർച്ചയുണ്ട്. അവിടെ യാഥാർത്ഥ്യമുണ്ട്.

ഇന്ന് ദൈവത്തിന്റെ ആ തീ എവിടെ? ദൈവത്തിന്റെ ശക്തിക്കും സാന്നിദ്ധ്യത്തിനും തെളിവെന്താണ്. ദൈവസാന്നിദ്ധ്യത്തിന്റെ ഭയങ്കരതതയും, അതിശയവും ഭയവും എവിടെ?

നുറുക്കത്തിന്റെയും പശ്ചാത്താപത്തിന്റെയും കണ്ണുനീരെവിടെ? ദൈവസാന്നിദ്ധ്യത്തിന്റെ മുമ്പിൽ വീണു നിലവിളിക്കുന്ന നഷ്ടപ്പെട്ടവന്റെ കരച്ചിൽ എവിടെ? നിങ്ങളുടെ സമൂഹത്തിൽ ഏതു സഭയ്ക്കാണ് ദൈവത്തിന്റെ തീയുണ്ട് എന്ന് അവകാശം പറയുവാൻ കഴിയുന്നത്. ഏതു സണ്ടേക്സൂൾ ക്ലാസിലാണ് വീട്ടിലാണ്, അമ്മയ്ക്കാണ്, പപ്പയ്ക്കാണ്, കുമാരീകുമാരന്മാർക്കാണ് ദൈവത്തിന്റെ തീയുടെ സാന്നിദ്ധമുണ്ടെന്ന് പറയാൻ കഴിയുക?

എന്തുകൊണ്ടാണ് നമുക്ക് ആ തീ ഇല്ലാത്തത്?

പലപ്പോഴും നമ്മിൽ ആ

(ശേഷം 7-ാംപേജിൽ)

(1-ാം പേജിന്റെ തുടർച്ച)

നമ്മുടെ കാലത്ത് ഒരു ഉണർവ്വിനായി പ്രാർത്ഥിക്കുന്നു

പൊട്ടിച്ചെറിയുന്ന ദൈവശക്തിയെക്കുറിച്ച് അവർ ഒരിക്കലും അറിഞ്ഞിരുന്നില്ല. അവരുടെ അയോഗ്യതയെക്കുറിച്ചും ദൈവത്തിന്റെ നിത്യമായ സ്നേഹത്തെക്കുറിച്ചും ഓർത്തു കണ്ണുനീർ തൂകുമാറാക്കുന്ന ആ വചനത്തെ അവർ അറിഞ്ഞിരുന്നില്ല. " തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ. 3:16). പെട്ടെന്ന് ആ യാഥാർത്ഥ്യം അർക്ക് ബോദ്ധ്യപ്പെട്ടു. കർത്താവായ യേശു തങ്ങളെ നിത്യമായി സ്നേഹിച്ചു തന്റെ ജീവനെ അവർക്കു വേണ്ടി നൽകി. അത് അവരെ അനുതാപത്തിലേക്ക് നടത്തി. അവിടുന്ന് എനിക്കു വേണ്ടി മരിച്ചു, എന്റെ പാപങ്ങളെ അവിടുന്ന് ക്ഷമിച്ച് സമാധാനം അവരുടെ ഹൃദയങ്ങളിലേയ്ക്ക് വന്നു. പിതാവായ ദൈവത്തിന്റെയും പുത്രനായ ദൈവത്തിന്റെയും പരിശുദ്ധാത്മാവാം ദൈവത്തിന്റെയും കൂട്ടായ്മയിലേക്ക് വന്നു.

കൂട്ടായ്മയിലേക്കും ആരാധനയിലേക്കും മദ്ധ്യസ്ഥതയിലേക്കും സാക്ഷ്യത്തിനായും ഉള്ള വിളി

അവർക്ക് ലഭിച്ച ആ ആത്മിക ബോധം ഒരു പുതിയ അനുഭവത്തിലേക്ക് അവരെ നടത്തുന്നു. തങ്ങൾ കണ്ടെത്തുന്ന ഒരു വ്യക്തിയോട് അതിനെക്കുറിച്ച് സംസാരിക്കുന്നു, സംസാരങ്ങളിലെ പ്രധാന വിഷയം അതായി മാറുന്നു. തങ്ങളുടെ എല്ലാ ഉത്സാഹവും അതിലേയ്ക്ക് കേന്ദ്രീകരിക്കുന്നു. അങ്ങനെയുള്ളവർ ഒരുമിച്ചു ആയിരിക്കുവാനാഗ്രഹിക്കുന്നു, എപ്പോഴും ഒരുമിച്ചു കൂടി അതിനെക്കുറിച്ച് സംസാരിപ്പാനാഗ്രഹിക്കുന്നു. ഓരോ രാത്രിയിലും കൂടിവന്ന് അതിനെക്കുറിച്ച് സംസാരിക്കുന്നു. ദൈവത്തെ സ്തുതിക്കുവാനാഗ്രഹിക്കുന്നു. പാടി ദൈവത്തെ മഹത്വപ്പെടുത്തുന്നു. വീണ്ടും പ്രാർത്ഥിക്കുന്നു. മണിക്കൂറുകൾ, രാത്രിക്ൾ ദൈവസന്നിധിയിലായിരിക്കുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ആ അനുഭവം പ്രാപിച്ചവരുമായി കൂടി പ്രാർ ത്ഥിക്കയും സംസാരിക്കയും ദൈവത്തിന് മഹത്വം കൊടുക്കുകയും ചെയ്യുന്നു. അത് നിശ്ചയമായും അവരെ മറ്റുള്ളവരിലേയ്ക്ക് അതായത് ദൈ വത്തെ അറിയാത്ത ആളുകളോട് ഈ അനുഭവത്തെ പങ്കിടുവാനായി നടത്തപ്പെടുന്നു.

തങ്ങളുടെ കുടുംബത്തിലെ മറ്റുള്ളവരെക്കുറിച്ച് ചിന്തിക്കുവാൻ തുടങ്ങുന്നു. ഭർത്താവ് ഭാര്യ, അപ്പൻ, അമ്മ, കുട്ടികൾ, സഹോദരൻ സഹോദരി എന്നിങ്ങനെ ദൈവത്തെ അറിയാത്തവരെകുറിച്ച് ചിന്തിക്കുകയും അവരോട് സംസാരിക്കയും ചെയ്യുന്നു. അവരുടെ ഈ അനുഭവം പ്രാപിക്കണം എന്ന് ആഗ്രഹിച്ച് അവരോട് സംസാരിക്കുന്നു. ആളുകളോട് അതിനെക്കുറിച്ച് സംസാരിക്കുന്നു. കൂട്ടുകാരോട് സംസാരിക്കുന്നു. അവർക്കു വേണ്ടിയെല്ലാം പ്രാർത്ഥിപ്പാനാരംഭിക്കുന്നു. ഒരു വലിയ ഉണർവ്വിന് എപ്പോഴും പ്രാർത്ഥന ആവശ്യമാണ്. പ്രാർത്ഥനാ യോഗങ്ങളും മദ്ധ്യസ്ഥപ്രാർത്ഥനകളും അത്യാവശ്യമാണ്. അവർ ആളുകളുടെ പേരു പറഞ്ഞ് പ്രാർത്ഥിക്കുന്നു. ദൈവത്തോട് അപേക്ഷിക്കുന്നു. ദൈവത്തോട് കരയുന്നു. ദൈവത്തിന്റെ പ്രവൃത്തി അത്യാവശ്യമാണ് എന്ന് അവർ പ്രാർത്ഥിക്കുന്നു.

രക്ഷിക്കപ്പെടാത്തവർ ഉണരുന്നു.

ആളുകളിലുണ്ടായ ഈ അനുഭവം ഈ മാറ്റം കാണുന്നവർ അവരുടെ ഈ അനുഭവത്തെക്കുറിച്ച് അന്വേഷിക്കുന്നു. അവരും അകത്തുവരുന്നു. ഈ അനുഭവങ്ങളിലേയ്ക്ക് അടുത്തുവരുന്നു. ആയിരങ്ങൾ മാനസാന്തരപ്പെടുന്നു. പരിസരവാസികൾ അനേകർ ഈ അനുവഭവത്തിലേക്ക് വരുന്നു. എവിടെയും ഉണർവ്വ് വ്യാപിക്കുന്നു. യോഗങ്ങൾ മാത്രമല്ല, ആളുകൾ മാനസാന്തരപ്പെടുന്നത്, യോഗങ്ങളിലേക്ക് പോയവർ അരാധനയ്ക്ക് എത്തും മുമ്പേ വഴിയിൽ വച്ചു തന്നെ മാനസാന്തരപ്പെട്ടു. ചിലർ ഖനികളിൽ വേല ചെയ്തുകൊണ്ടിരിക്കുമ്പോൾ മാനസാന്തരപ്പെട്ടു. ചിലർ രാത്രിയിൽ ആ അനുഭവം പ്രാപിച്ചു. അവർ കിടക്കയിലായിരിക്കുമ്പോൾ അനുഭവമുണ്ടായി, നേരം പുലരുമ്പോൾ ആഴമായ പാപബോധത്തോടെ ഉണർന്നു, ദൈവത്തിന്റെ കരുണയ്ക്കായി കേണപേക്ഷിച്ചു, ദൈവത്തോട് പ്രാർത്ഥിച്ചു. ആ സമയങ്ങളിൽ ആരും അവരോട് സംസാരിച്ചില്ല, തികച്ചും അത് ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി ആയിരുന്നു. പരിശുദ്ധാത്മാവ് ആളുകളെ അതിലേക്ക് നടത്തുന്നു. പരിശുദ്ധാത്മാവ് തന്റെ ശക്തിയിൽ ആളുകളെ നിറയ്ക്കുന്നു.

അപരിചിതമായ വ്യത്യസ്ത കാര്യങ്ങൾ

ആഴമായ പാപബോധം, വലിയ സന്തോഷം, വർണ്ണിക്കാൻ കഴിയാത്ത ദൈവഭയം, നന്ദിയർപ്പണം, സ്തുതി തുടങ്ങിയ വ്യത്യസ്തമായ അനുഭവങ്ങളിലേയ്ക്ക നടത്തപ്പെടുന്നു. ഉണർവ്വുണ്ടാകുന്ന എല്ലാ സന്ദർഭങ്ങളിലും ആത്മികമായി അധ:പതിച്ചിരുന്ന ജീവിതങ്ങൾ അത്ഭുതകരമായി മാനസാന്തരപ്പെട്ട് പുതിയ ജീവിതത്തിന്റെ ഉടമകളാകാറുണ്ട്. ചിലർ തങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിച്ച് ഞരങ്ങി കരയാറുണ്ട്. മറ്റു ചിലർ തങ്ങൾക്കു ലഭിച്ച മഹാരക്ഷയെ സംബന്ധിച്ച് ദൈവത്തിന് നന്ദിയർപ്പിക്കുന്നു. ഇവയെല്ലാം വലിയ ആൾക്കൂട്ടമുള്ളയോഗങ്ങൾക്ക് കാരണമാവുന്നു. സമയത്തെ മറക്കുന്നു. നിത്യ സന്തോഷം അവരെ ഭരിക്കുന്നു. വൈകുന്ന നേരത്ത് യോഗം പ്രാർത്ഥിച്ചു ആരംഭിക്കുന്നു. സമയം കടന്നുപോയതറിയാതെ രാവിലെ വരെയും അത് തുടരുന്നു. കാപ്പി കുടിക്കാനോ മറ്റോ ഇടവേളയില്ലാതെ അതു തുടരുന്നു. പരിശുദ്ധാത്മാവ് കാര്യങ്ങളെ ഏറ്റെടുത്തു നടത്തുമ്പോൾ, സമയം,ശരീരം ജഡത്തിന്റെ ആവശ്യങ്ങൾ എല്ലാം മറക്കുന്നു.

അങ്ങനെയെങ്കിൽ, ഒരു ഉണർവ്വ് എന്ന് പറഞ്ഞാൽ സ്വർഗ്ഗം ഭൂമിയിലിറങ്ങുന്ന നിമിഷങ്ങളത്രേ....

ഉണർവ്വിനുവേണ്ടി കേണപേക്ഷിക്കുന്നു

ഉണർവിനെ സംബന്ധിച്ച് ഒരു ചെറിയ രൂപരേഖയത്രേ ഞാൻ നിങ്ങൾക്ക് തന്നത്. ഈ കാര്യങ്ങളെക്കുറിച്ച് നിങ്ങൾ അറിയുന്നുവോ? നിങ്ങൾ അതിൽ താല്പര്യപ്പെടുന്നുവോ? നിങ്ങൾക്ക് അത് ഇഷ്ടമുണ്ടോ? നിങ്ങൾ അതിനു വേണ്ടി പ്രവർത്തിച്ചു തുടങ്ങിയോ? നിങ്ങളും അത് കാണുവാനും അറിയുവാനും അനുഭവമാക്കുവാനും തുടങ്ങിയിരുന്നെങ്കിൽ നിങ്ങളുടെ പ്രശ്നങ്ങൾക്ക് ഒരു പരിഹാരമുണ്ടാകുമായിരുന്നു. ഇത് ദൈവം ജനത്തെ സന്ദർശിക്കുന്ന ദിവസം. സ്വർഗ്ഗം ഭൂമിയിലാകുന്ന ദിനങ്ങൾ, പരിശു

(ശേഷം 8-ാം പേജിൽ)

യിസ്രായേൽ ദൈവത്തിന്റെ കൃപയുടെയും വിശ്വസ്തയുടെയും ഒരു സാക്ഷ്യം

By Horatius Bonar (1808-1889

ലേഖകന്റെ കുറിപ്പ്: 17,18,19 നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന ചില സഭാ നേതാക്കന്മാർ ദൈവം യിസ്രായേലിനെ ഒരു ദിവസം സ്വദേശത്തേയ്ക്കു കൊണ്ടുവരും എന്നും അവരെ രക്ഷിക്കും ദൈവവചത്തിൽ നിന്നും വിശ്വസിച്ചു. സ്കോട്ടിഷ് പ്രസ്ബിറ്റേറിയൻ ചർച്ചിലെ ശുശ്രൂഷകനായ ഹൊറേഷ്യസ് ബൊണാർ അവരിൽ ഒരുവനായിരുന്നു. അദ്ദേഹം റോബർട്ട് മുറേ എം.ചെയ്നേയുടെ സമകാലികനും സ്നേഹിതനുമായിരുന്നു. അദ്ദേഹം തന്റെ രണ്ട് പ്രസ്താവനകളിൽ പറഞ്ഞിരിക്കുന്നത്, യിസ്രായേലിനുവേണ്ടി കഴിഞ്ഞകാലങ്ങളിൽ ദൈവം ചെയ്തത്, ഇന്ന് ചെയ്തുകൊണ്ടിരിക്കുന്നത്, ഭാവിയിൽ ചെയ്യാൻ പോകുന്നത് ഒക്കെയും ദൈവത്തിന്റെ മഹത്വത്തിന്റെ സാക്ഷ്യങ്ങളാണ്. യിസ്രായേൽ പുന: സ്ഥാപിക്കപ്പെടുന്നത് 100 വർഷം മുമ്പുള്ള പ്രസ്ഥാവനയാണിത്. യിസ്രായേൽ മടങ്ങിവരുന്നത് ഒരു മനുഷ്യമനസിനും ചിന്തിക്കുവാൻ പോലും കഴിയാതിരുന്ന കാലഘട്ടമായിരുന്നു ഇത്.

യഹോവയായ ദൈവത്തിന്റെ സത്യത്തിന്റെയും വിശ്വസ്തയുടെയും അടയാളമായി യിസ്രായേൽ നിൽക്കുന്നു. യിസ്രായേലിന് അനുകൂലമായോ പ്രതികൂലമായോ ചെയ്യുവാൻ ദൈവം നിർണ്ണയിച്ച് അരുളിചെയ്തതെല്ലാം അക്ഷരീകമായി നിറവേറിയിരിക്കുന്നു. ദൈവത്തിന്റെ കോപം പലപ്പോഴും അവരുടെമേൽ വന്നു, പലപ്പോഴും ക്രൂരമായി പീഢിപ്പിക്കപ്പെട്ടു. എന്നാൽ അവർ പൂർണ്ണമായി നശിച്ചുപോയില്ല. ഇപ്പോഴും അവർ ദൈവത്തിന് പ്രിയജനമായിരിക്കുന്നു. അവരോട് അരുളിചെയ്തു വാഗ്ദത്തങ്ങൾ മുറിഞ്ഞുപോയിട്ടില്ല. ദേശത്തിലേക്ക് മടങ്ങിവന്നു, അനുഗ്രഹിക്കപ്പെട്ടവരായി ജീവിക്കുന്നു. ദൈവത്തിന്റെ നീതിയുടെയും വിശ്വസ്തയുടെയും സ്മാരകങ്ങളായിരിക്കുന്നു. റോമർ 5:20-ൽ " പാപം പെരുകിയേടത്തു ദൈവകൃപയും ഏറ്റം പെരുകി". തിരമാലകൾക്ക് മീതെ തിരമാലളായി അമ്മാനമാടപ്പെടുന്ന ഒരു തുണ്ടു പലകപോലെ കാലാവസ്ഥയുടെ വ്യതിയാനങ്ങൾ ഏറ്റുവാങ്ങി നൂറ്റാണ്ടുകളിലൂടെ സഞ്ചരിച്ച് കൊടുങ്കാറ്റുകളെ അതിജീവിച്ച് തുറമുഖത്ത് എത്തിച്ചേർന്ന ഒരു കപ്പൽ പോലെ എന്ന് മാത്രമല്ല ലോകത്തിന്റെ വഴിവിളക്കും സമയ സൂചികയുമായി അധികാരത്തോടെ നില്ക്കുകയാണ് ഈ ചെറിയ കൂട്ടം.

എന്ത് വിശ്വസ്തയാണിത്. എന്ത് ദയയാണിത്. എന്ത് മാറ്റമില്ലാത്ത സ്നേഹമാണിത്. ദൈവത്തിന്റെ ദൃഷ്ടിയിൽ അവർ ഇന്നും വിലയേറിയവരാണ്. അവർ ദൈവത്തിന്റെ പുരാതന സമ്പത്താണ്. അവർക്കുള്ള വാഗ്ദത്തം നശിച്ചുപോകാത്തതാണ്. അവരോടുള്ള ഉടമ്പടി സുസ്ഥിരമാണ്. ഇതിനു വേണ്ടിയായിരുന്നില്ലേ? എവിടെ ആയിരുന്നു അവർ? അവർ ഭൂമിയിൽ നിന്നും നശിച്ചു പോയോ? ലോകജാതികളുടെയിടയിൽ അവരെ കണ്ടില്ലേ? ഈ വാഗ്ദത്തങ്ങൾ അവർക്കു വേണ്ടിയുണ്ടായിരുന്നു. അതിന്റെ തായ് വേരോ വയലിലെ ഇളമ്പുല്ലിൽ ഇരുമ്പും താമ്രവും കൊണ്ടുള്ള ബന്ധനത്തോടെ ഭൂമിയിൽ വച്ചേയ്ക്കുവിൻ. (ദാനി. 4:15). അവർ മുടിഞ്ഞു പോകരുത്. കഴിഞ്ഞ 1800 വർഷങ്ങൾ ദൈവം അവരെ പോറ്റി. ആയിരക്കണക്കിന് പട്ടണങ്ങളുടെ പുകയിൽ നിന്നും അവശിഷ്ടങ്ങൾക്കിടയിൽ നിന്നും അവരെ കൊണ്ടു വന്നു. നൂറുകണക്കിന് രാജ്യങ്ങളുടെ ആധിപത്യങ്ങളിലൂടെ പുറത്തു വന്നു. മാർമ്മികമായ അടിമത്വത്തിൽ നിന്നും കാത്തു സൂക്ഷിച്ചു. കൊടുങ്കാറ്റുകൾ, നാശനഷ്ടങ്ങൾ, കൂട്ടക്കൊലകൾ, പ്രളയങ്ങൾ, തീജ്വാലകൾ ഒക്കെയും തരണം ചെയ്തു.

പ്രവചനങ്ങൾ അക്ഷരീകമായി നിറവേറി. ചരിത്രവും പ്രവചനവും ഒരു പോലെ കൈകോർത്തു അത് ദൈവത്തിന്റെ പദ്ധതിയായിരുന്നു; ദൈവം തന്നെത്താൻ വെളിപ്പെടുത്തുവാൻ ഉപയോഗിച്ച " ഒരു മുഖാന്തരമായിരുന്നു! ഹാ ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായ വിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു". (റോമർ. 11:33). എന്തിനെങ്കിലും ജാതികളായ നമുക്ക് താഴ്മ ധരിക്കുവാൻ കാരയണമായി എങ്കിൽ അത് യിസ്രായേലിനോടുള്ള ബന്ധത്തിലാണ്. അവർക്ക് ജാതികളുടെയിടയിലുള്ള മഹത്വം ചില തലമുറകൾക്ക് മാത്രം ഉള്ളതല്ല. പിന്നെയോ ദൈവത്തിന് അവരോടുള്ള നിത്യമായ ഇടപെടലാണത്. ആർക്കെങ്കിലും പ്രശംസിപ്പാനുണ്ടെങ്കിൽ, അത് മറ്റെല്ലാവരെക്കാളുമുപരി യഹൂദന്മാർക്കാണ്. അവർ ദൈവത്തിന്റെ ജനമാണ്. തന്റെ മഹത്വം, ഉടമ്പടി, ന്യായപ്രമാണം, ആരാധന ഇവയെല്ലാം അവർക്കുള്ള അവകാശമാണ്. ദൈവാലയം അവർക്കുള്ളതാണ്. പൗരോഹിത്വം അവർക്കുള്ളതാണ്. രാജാക്കന്മാർ അവരിൽ നിന്നാണ്. ഏറ്റവും ഒടുവിലായി ദൈവം ജഡാവതാരമെടുത്തു! മാർമ്മികമായി അനശ്വരമായ മറ്റൊരു രാജ്യമുണ്ടോ? മിസ്രയീമിന്റെയും അസീറിയയുടെയും തീച്ചൂളകളിൽ അവർ വലിച്ചെറിയപ്പെട്ടു. പക്ഷേ അവറ് വെന്തുപോയില്ല. രാജത്വങ്ങൾ ഒന്നിനു പുറകേ ഒന്നായി നശിച്ചുപോയി, പലതിന്റെ ഓർമ്മകൂടെ ഇല്ലാതെയായി, രാജ്യങ്ങളുടെ അവശിഷ്ടങ്ങൾക്കു മുകളിലൂടെ അവർ നടന്നുപോയി, അഥവാ ഓരോ ദുരന്തങ്ങളുടെയും അവശിഷ്ടങ്ങൾക്കു മുകളിൽ അവർ നിന്നു, ദൈവത്തിന്റെ ദൃഷ്ടിയരുശലേമിന്റെ മേലുണ്ടായിരുന്നു. തന്റെ രാജ്യത്തിന്റെ പുരാതന സമ്പത്തു, തന്റെ ഹൃദയത്തിന്റെ പട്ടണം. അധികം താമസം വിന, പുറന്തളപ്പെട്ട യിസ്രായേൽ ചിതറിക്കപ്പെട്ട യഹൂദ, മടങ്ങി സീയോനിലേക്കു വരും, "അവരുടെ വായിൽ പാട്ടും അവരുടെ തലയിൽ നിത്യമായ സന്തോഷവും ഉണ്ടായിരിക്കും. മഹാരാജാവിന്റെ നഗരമായി ഉത്തരഗിരിയായി സീയോൻ പർവ്വതം ഉയരം കൊണ്ടു മനോഹരവും സർവ്വഭൂമിയുടെയും ആനന്ദവുമാകുന്നു" (സങ്കീ. 48:2). അത് നമ്മൾ കാണും സർവ്വഭൂമിയുടെയും സന്തോഷവും മഹാരാജാവിന്റെ നഗരവും.

സമൃദ്ധിയായ കൃപ

സുവിശേഷം എന്നത് വാക്കുകളിലുള്ള ദൈവത്തിന്റെ തന്നെക്കുറിച്ചുള്ള സാക്ഷ്യമാണ്. യിസ്രായേലിന്റെ ചരിത്രം ദൈവത്തിന്

(ശേഷം 7-ാംപേജിൽ)

(6-ാം പേജിന്റെ തുടർച്ച)

യിസ്രയേൽ ദൈവത്തിന്റെ കൃപയുടെയും വിശ്വസ്തയുടെയും ഒരു സാക്ഷ്യം

തന്നെക്കുറിച്ചുള്ള വസ്തുതകളാണ്. സുവിശേഷം ദൈവത്തിന്റെ പ്രഖ്യാപനമാണ്. പാപം പെരുകിയേടത്ത് അത് നൽകപെടുന്നു. കൃപ കുറച്ചധികം നൽകപ്പെടുന്നു. യിസ്രയേൽ എന്നത് ദൈവത്തിന്റെ അത്ഭുതകരവും അനുഗ്രഹിക്കപ്പെട്ടതുമായ സത്യത്തിന്റെ ജീവിക്കുന്ന ഗോചരവുമായ സാക്ഷ്യമാണ്. യിസ്രായേൽ ചരിത്രം ദൈവകൃപയുടെ സുവിശേഷമായി എല്ലാക്കാലങ്ങളിലും പ്രസംഗിക്കപ്പെടുന്നു. മനുഷ്യന്റെ പാപത്തെ സംബന്ധിച്ച വസ്തുതകളിലും ദൈവസ്നേഹത്തിന്റെ പരാമർശത്തിലും ആ ചരിത്രം പ്രസ്താവിക്കപ്പെടുന്നു. മുഷ്യകുലത്തിന്റെ പാപത്തിന്റെ വ്യാപ്തിയും ദൈവത്തിന്റെ അനന്തമായ സ്നേഹത്തിന്റെ വ്യാപ്തി യും അതു വ്യക്തമാക്കുന്നു. യിസ്രായേലിനെക്കുറിച്ച് പഠിക്കുമ്പോൾ മനുഷ്യന് ദൈവത്തോടുള്ള മത്സരം, അവന്റെ ദുഷ്ടത. ദൈവത്തോടുള്ള അവന്റെ വെറുപ്പ് എല്ലാം ഈ ചരിത്രത്തിലൂടെ വ്യക്തമാവുന്നു. എന്താണ് മനുഷ്യൻ എന്നും അവന്റെ അവസ്ഥ എന്ത് എന്നും, അവന് സാദ്ധ്യമായ പ്രവൃത്തികൾ എന്ത് എന്നും, മനുഷ്യന്റെ ഹൃദയത്തിലെ നിരൂപണം എന്ത് എന്നും നമ്മെ സൂക്ഷിച്ച ദൈവത്തെ സ്നേഹിക്കയും ബഹുമാനിക്കയും ആരാധിക്കയും ചെയ്യേണ്ടതിന്റെ ആവശ്യം എന്ത് എന്നും അതിലൂടെ വ്യക്തമാവുന്നു. മനുഷ്യനിലൂള്ളതിന്മയും അതിന്മേൽ വ്യാപരിക്കുന്ന ദൈവത്തി ന്റെ നന്മയും ഇവിടെ അളവില്ലാതെ ഉയരത്തിൽ നിന്നും പകരപ്പെടുന്ന ദൈവകൃപയും പാപത്തിലും അനുസരണക്കേടിലും ജീവിക്കുന്നവരോടു കാണിച്ച മഹാസ്നേഹത്തേയും ഇവിടെ കാണാം. നിശ്ചയമായും ഇത് ശ്രേഷ്ടമായതു തന്നെ!

മാത്രമല്ല, മറ്റെല്ലാക്കാളുമുപരി ദൈവം തന്റെ മഹത്വം തന്റെ പുത്രന്റെ രാജ്യവും എല്ലാ അനുഗ്രഹങ്ങളും അവർക്ക് അവകാശമാക്കുകയും ചെയ്യുന്നു. അവർക്കുള്ള പ്രവചനങ്ങളുടെ കൂട്ടവും ലോകത്തിൽ അവർക്കുള്ള പദവികളും അവരെ ചുറ്റിപ്പറ്റി നിൽക്കുന്നു. കഴിഞ്ഞ കാല ഉയർച്ചകൾ, വർത്തമാനകാല പരാജയങ്ങൾ, ഭാവി മഹത്വം എല്ലാം ചരിത്രപരമായും വർത്തമാനകാലപരമായും ഭാവികാലപരമായും അത്ഭുതകരമായി ലോകചരിത്രവുമായി ഇവ ചേർത്ത് ബന്ധിപ്പിച്ചിരിക്കുന്നു.

പല രാജ്യങ്ങളെയും അവരോട് കാണച്ച ആദരവ് കാരണത്താൽ അനുഗ്രഹിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആരാണ് അവരെ മുറിവേൽപ്പിച്ചിട്ട് അഭിവൃദ്ധി പ്രാപിച്ചിട്ടുള്ളത്? അവരെ തൊടുന്നവൻ ദൈവത്തിന്റെ കൺമണിയെ തൊടുന്നു.

ഈ കാര്യങ്ങൾ ദൈവത്തിന്റെ സഭ കരുതിക്കൊള്ളേണ്ടതാണ്. അവരോട് ദയ കാണിച്ചവരോട് ദൈവം ദയ കാണിച്ചു. ദൈവം വാഗ്ദത്തം ചെയ്ത സമാധാനം അന്വേഷിച്ചവർക്ക് ദൈവം സമാധാനം നൽകി. അവരെ നശിപ്പിക്കാൻ നോക്കിയവരെ ദൈവം താഴ്ത്തിക്കളഞ്ഞു. അവരുടെ താഴ്ച സഭയുടെ അനുഗ്രഹത്തിന് കാരണമായി, അവരുടെ വീഴ്ച സഭയുടെ ഉയർച്ചയ്ക്ക് കാരണമായി. എന്നാൽ ഭാവിയിലെ ലോകത്തിന്റെ എല്ലാ അനുഗ്രഹങ്ങളും യിസ്രായേലിനെ ചുറ്റിപ്പറ്റിയുള്ളതാണ്. ദൈവം യിസ്രായേലിനെ ശ്രദ്ധിക്കുന്നു എന്ന നിലയിൽ നമുക്കും യിസ്രായേലിനെ ശ്രദ്ധിക്കാം. യിസ്രായേൽ ചരിത്രത്തിന്റെ അർത്ഥം നമുക്കു മനസിലാക്കാം.

❖

(4-ാം പേജിന്റെ തുടർച്ച)

സ്വർഗ്ഗത്തിൽ നിന്നുള്ള അഗ്നി

തീയില്ലാത്തതിന്റെ കാരണം, നമുക്കത് ആവശ്യമുണ്ടെന്ന് ചിന്തിക്കുന്നില്ല എന്നതാണ്. അവിടുത്തെ മഹത്വം കൂടാതെ ജീവിക്കുവാൻ നാം മത്സരിക്കുകയാണ്.

നമ്മുടെ രാജ്യത്തിന്റെ സഭകളുടെ, വീടുകളുടെ ജീവിതങ്ങളുടെ ഭൂരിഭാഗവും ദൈവത്തിന്റെ ശക്തിയോ മഹത്വമോ ഇല്ലാതെ ശൂന്യമാണ്. നമ്മുടെ ആവശ്യങ്ങളെ ദൈവത്തോടു പറയുമ്പോൾ നാം ആവശ്യപ്പെടുന്നത്. വലിയ കെട്ടിടങ്ങൾ, കൂടുതൽ പണം, കൂടുതൽ സഹായികൾ, കൂടുതൽ ജോലിക്കാർ, കൂടുതൽ സൗകര്യങ്ങൾ ഒക്കെയാണ്. ദൈവത്തിനുവേണ്ടിയുള്ള നമ്മുടെ യഥാർത്ഥ് ആവശ്യത്തെ എന്തുകൊണ്ട് നമുക്ക് കാണാൻ കഴിയുന്നില്ല?

നാം ദൈവത്തോട് പാപം ചെയ്തു. അവിടുന്ന് തന്റെ സാന്നിദ്ധ്യം നമ്മിൽ നിന്നും എടുത്തുമാറ്റി. നമ്മുടെ കണ്ണുകൾ അത് കാണാതവണ്ണം ഇരുണ്ടുപോയി. നാം നമ്മുടെ ചിന്തകൾക്കനുസരിച്ച് പ്രവർത്തിക്കുന്നു. അതിന്റെ ഫലത്തെക്കുറിച്ച് ചിന്തിക്കുന്നുമില്ല.

നമ്മുടെ യഥാർത്ഥ അവസ്ഥയെക്കുറിച്ചോ ആവശ്യത്തെക്കുറിച്ചോ അറിയാനോ കാണാനോ കഴിയാതവണ്ണം നാം അന്ധരായിപ്പോയി. ലവോദിക്യ സഭയെപ്പോലെ നാം ചിന്തിക്കുന്നു, “ ഞാൻ ധനവാൻ, സമ്പന്നനായിരിക്കുന്നു, എനിക്ക് ഒന്നിനും മുട്ടില്ല (വെളി. 3:17).

ക്രിസ്തീയ നേതാക്കൾ ഇന്ന് പറയുന്നത് സഭവളരുന്നു എന്നാണ്. മറ്റുള്ളവർ പറയുന്നു നാം ഇന്ന് ഉണർവിന്റെ ശക്തമായ മണ്ഡലത്തിലാണ്.

അങ്ങനെയെങ്കിൽ എന്തുകൊണ്ടാണ് അധാർമ്മികത വിവിധരൂപത്തിൽ ലോകത്തിലുള്ളതിനെക്കാൾ സഭകളിൽ വർദ്ധിച്ചുവരുന്നത്? വേദപുസ്തകം പഠിപ്പിക്കയും പ്രസംഗിക്കയും ചെയ്യുന്ന സഭകളിൽ വിവാഹമോചനം ലോകത്തിലുള്ളതപോലെ കാണുന്നത്?

എന്തുകൊണ്ടാണ് ഭൂരിഭാഗം വിശ്വാസികളും യേശുവിനെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തികൊടുക്കാത്തത്? എന്തുകൊണ്ടാണ് ആളുകൾ പേരിൽ ക്രിസ്ത്യാനികളായി സൗകര്യാനുസരണം ജീവിക്കുന്നു? എന്തിനാണ് ദൈവത്തെ സേവിക്കുന്നു എന്ന് പറഞ്ഞു ആളുകളെ ഭിന്നിപ്പിക്കുന്നത്.

എന്തുകൊണ്ടാണ് സഭകൾ വിഭജിക്കപ്പെടുന്നത്? എന്തുകൊണ്ടാണ് വളരെയധികം വിശ്വാസികൾ ഫലമില്ലാത്തവരും, ശൂന്യമായും വേദനയുള്ളവരും ആത്മീക അടിമത്വത്തിലൂം കാണപ്പെടുന്നു? എന്തുകൊണ്ടാണ് നമ്മുടെ പ്രവർത്തനങ്ങളിൽ ആളുകൾ താല്പര്യം കാണിക്കാത്തത്?

ഞാൻ വിശ്വസിക്കുന്നത് നമുക്ക് ആ തീ ഇല്ലാതിരിക്കുന്നതിന്റെ കാരണം, നാം അതിനെ ആവശ്യപ്പെടുന്നില്ല എന്നതാണ്. നമ്മിൽ പലരും യഥാർത്ഥമായി ആഗ്രഹിക്കുന്ന തീ എന്നത്, സഭയുടെ കാര്യങ്ങളിൽ ശ്രദ്ധ കൊടുക്കുക എന്നതാണ്, നമ്മുടെ പള്ളിയുടെ സുരക്ഷിതത്വത്തിനും, സ്തോത്രക്കാഴ്ച വർദ്ധിപ്പിക്കുന്നതിലും നമ്മുടെ കാര്യങ്ങൾ പരിഹരിക്കുന്നതിലുമാണ് ആ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്.

വേദനിപ്പിക്കുന്ന, കത്തിക്കുന്ന, പുറത്താക്കുന്ന, നശിപ്പി

(ശേഷം 8-ാം പേജിൽ)

(7-ാം പേജിന്റെ തുടർച്ച)

നമ്മുടെകാലത്ത് ഒരു ഉണർവിനായി കാത്തിരിക്കുന്നു.

ദ്ധാത്മാവ് സഭയെ നടത്തുന്ന ദിനങ്ങൾ, അളവില്ലാതെ ജീവനും ശക്തിയും പകരുന്ന ദിനങ്ങൾ. നമ്മുടെ ജീവിതത്തിൽ ചിലത് കാണുവാനും അനുഭവിപ്പാനും കഴിഞ്ഞിരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. എത്ര ശ്രേഷ്ഠമേറിയ അനുഭവങ്ങൾ? അത് അറിയുന്നത് എത്ര ഭാഗ്യം. അത് നമ്മുടെ ജീവിതത്തിൽ സംഭവിച്ചിരിക്കുന്നു. എന്നാൽ ദൈവത്തോടു കരയുവാനും, കരുണയ്ക്കായി അപേക്ഷിക്കുവാനും, നമ്മെ സന്ദർ ശിച്ചു തന്റെ മഹാരക്ഷയും ഉണർവും നമുക്ക് അവകാശമാക്കുവാനും കൂടെ നാം വിളിക്കപ്പെട്ടിരിക്കുന്നു.

❖

(2-ാം പേജിന്റെ തുടർച്ച)

ചലനം എന്നിൽ ആരംഭിക്കട്ടെ

ദാഹിച്ചും ഇരിക്കുന്ന ദേശത്ത് നീ മഴ അയയ്ക്കുമെന്നും വരണ്ട ദേശത്ത് നീരൊഴുക്കുകളെ അയയ്ക്കും എന്നും അവിടുന്ന് വാഗ്ദത്തം ചെയ്തിട്ടുണ്ടല്ലോ. ഒരു ഒഴിഞ്ഞ പാത്രമായി ദാഹമുള്ളവനായി അടിയൻ അവിടുത്തെ മുമ്പിൽ നില്ക്കുന്നു. അങ്ങയുടെ ശക്തിയുടെ ഒരു വെളിപ്പാടിനായി ഞാൻ ദാഹിക്കുന്നു. അർണോളിന്റെ പള്ളിയിൽ വ്യാപരിക്കുന്ന ദുഷ്ടശക്തി പരാജയപ്പെടുന്നതുകാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടുത്തെ പ്രവൃത്തിക്കായി ഞാൻ ദാഹിക്കുന്നു. ഒരു ഉണർവിനായി ഞാൻ കാത്തിരിക്കുന്നു. അവിടുന്ന് അത് ചെയ്യുന്നില്ലേ? അവിടുന്ന് വാഗ്ദത്തം ചെയ്ത വെള്ളത്തിനായി ഞാൻ ദാഹിക്കുന്നു. ദൈവമേ അവിടുത്തെ മഹത്വം വെല്ലുവിളിക്കപ്പെട്ടിരിക്കുന്നു. ദൈവമേ അവിടുത്തെ വചനത്തിൽ ആശ്രയിച്ച് അവിടുത്തെ വാഗ്ദത്തത്തിന്റെ നിവർത്തിക്കായി ഞാൻ പ്രാർത്ഥിക്കുന്നു.

ആ നിമിഷം ആ കെട്ടിടം ശക്തമായി കുലുങ്ങി. വശത്തെ അലമാരിയിലരുന്ന ഒരു പാത്രം നിലച്ചുവീണു പൊട്ടി. അവിടെയുണ്ടായിരുന്ന വർ പറഞ്ഞത് ആ സ്ഥലം അങ്ങോട്ടും ഇങ്ങോട്ടും കുലുങ്ങി.

ആ സമയം അർന്നോൾ പാർത്തിരുന്ന പട്ടണം ഉറക്കത്തിൽ നിന്നും ഉണർന്നു. വെളിച്ചം പോയി. ജനം തെരുവിലിറങ്ങി പ്രാർത്ഥിപ്പാൻ തുടങ്ങി. മറ്റുള്ളവർ അവരോട് ക്ഷമിക്കുവാനായി പ്രാർത്ഥിച്ചു. പുരുഷന്മാരും സ്ത്രീകളും കസേരകൾ പെറുക്കിയിട്ട് പ്രാർത്ഥിപ്പാൻ കൂടിവന്നു. വെളുപ്പിന് രണ്ടു മണിക്ക് ദ്വീപിൽ എതിർത്തു നിന്ന അവസാനത്തെ പട്ടണത്തിലും ഉണർവ്വ് വന്നു.

മറ്റൊരു കുലുക്കം

ഈ ചരിത്ര സംഭവത്തെ നോക്കുമ്പോൾ ഞാൻ അത്ഭുതപ്പെടുന്നത്, എന്തുകൊണ്ട് എന്റെ പ്രാർ ത്ഥനയിൽ ഇങ്ങനെയൊരു ചലനം ഉണ്ടാകുന്നില്ല എന്നാണ്. ബഹു നിശ്ചയത്തോടെ, ദൈവം കേൾക്കുകയും ഉത്തരമരുളുകയും ചെയ്യും എന്ന ഉറപ്പോടെ പ്രാർത്ഥിക്കുന്നു എങ്കിൽ ദൈവമം നിശ്ചയമായും അങ്ങനെ ചെയ്യും.

ദൈവത്തിന്റെ സാന്നിദ്ധ്യവും ശക്തിയും വെളിപ്പെടുത്തുന്ന ഒരു ഇടപെടൽ, രാജ്യങ്ങളെയെം സമൂഹങ്ങളെയും ഉദ്ധരിക്കുന്ന ഒരു വിടുതൽ ഉണ്ടാക്കുന്ന ഒരു ചലനം നിശ്ചയമായും ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. പുറമേയുള്ള യാതൊരു ശക്തിക്കും എന്റെ അകത്തെ മനുഷ്യനെ ശക്തീകരിക്കുവാൻ കഴിവുള്ളതല്ല.

ദൈവത്തിന്റെ വാഗ്ദത്തം ഓർമ്മിപ്പിച്ചു ഞാൻ പ്രാർത്ഥിക്കുമ്പോൾ ദൈവം തന്റെ ശക്തിയാൽ എന്റെ അവസ്ഥ അറിഞ്ഞ് എന്നെ ധൈര്യപ്പെടുത്തുന്നു. ഉണർവ്വിന്റെ ചരിത്രം നമ്മെ കാണിക്കുന്നത്, ജയിക്കുന്ന ലക്ഷ്യത്തോടെയുള്ള പ്രാർത്ഥന ദൈവാത്മാവിന്റെ ശക്തമായ പ്രവൃത്തിക്ക് കാരണമാവുന്നു. കർത്താവേ എന്റെ ഹൃദയം ശൂന്യമായിപ്പോകരുതേ. എന്റെ പ്രാർത്ഥനയ്ക്ക് മറുപടി നൽകേണമേ. അതിനായിട്ടത്രേ ഞാൻ കാത്തിരിക്കുന്നത്. ❖

(7-ാം പേജിന്റെ തുടർച്ച)

ക്കുന്ന, ഇല്ലാതാക്കുന്ന തീയെ നാം ആവശ്യപ്പെടുന്നില്ല, ദൈവത്തിന്റെ പ്രത്യക്ഷതയിൽ നാം ഭയപ്പെടുന്നു. നമുക്കു നിയന്ത്രിക്കാൻ കഴിയുന്ന ഒരു മതപരമായ വളർച്ചയെ നാം ആഗ്രഹിക്കുന്നു.

മാത്രമല്ല, ഒരു വലിയ ഉണർവ്വുണ്ടാക്കുന്ന പ്രസംഗത്തെ നാം ആഗ്രഹിക്കുന്നില്ല. എനിക്ക് കാണാൻ കഴിഞ്ഞത് സന്തോഷിപ്പിക്കുന്നതും സ്നേഹിക്കുന്നതുമായ ദൂതുകളാണ് പ്രസംഗത്തിൽ അവർ പ്രതീക്ഷിക്കുന്നത്. സത്യത്തെ

A h À¡ mh ± yaÃ !

] m] s¯ † pdn¨ pÅ

A \ pX m¡ s¯ † pdn¨ pÅ , h mi p² nsb † pdn¨ pÅ X I À ¶ a\ k ns\ † pdn¨ pÅ G äp-] d¨ ne ns\ † pdn¨ pw D Å i cn b mb I mgN ¸ mSvA X ym- h ± yamW vk z´ C j S] ± m- c apÅ s sZh ±i mk v{X w k z´ wal X zs¯ tX Sp¶ p.

s sZh ¯ nsâ X o \½ Â C Ã , I mcW w C ¶ v A S s\ k w`h n¡ pw F ¶ v \½ Ä h ni zk n¡ p¶ nÃ . \ s½ ¯ s¶ \ oX o± en¡ p¶ - X n\ pth - n k w`h S s f

കാലഘട്ടം പറഞ്ഞു മാറ്റി നിർത്തുന്നു. അത് പഴയനിയമമാണ്. ഇന്ന് അത് സംഭവിക്കുന്നില്ല എന്ന് മാറ്റി നിർത്തുന്നു.

ഉണർവ്വിന്റെ ചരിത്രം പരിശോധിച്ചാൽ, പെന്തെക്കോസ്തുനാളിന്റെ ആവർത്തനമാണ് എവിടെയും നടന്നിട്ടുള്ളത് എന്ന് കാണാം. അസാധാരണമായ നിലയിൽ ദൈവം തന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയെ തന്റെ ജനത്തിന്മേൽ പകരുന്നു, ദൈവത്തിന്റെ ശക്തിയും സാന്നിദ്ധ്യവും വെളിപ്പെടുത്തുന്നു.

നമ്മുടെ ബുദ്ധിയിലും ചിന്താഗതിയിലും ദൈവത്തിന്റെ ആ സാന്നിദ്ധ്യത്തെ മാറ്റി നിർത്തുമ്പോൾ, സാദ്ധ്യമായ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ അസാധാരണമായ പകർച്ചയെ നാം തടസപ്പെടുത്തുകയാണ് ചെയ്യുന്നത്. നാം അത്ഭുതങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നില്ല കാരണം ഈ കാലഘട്ടത്തിൽ ദൈവം അത്ഭുതങ്ങളെ ചെയ്യും എന്ന് നാം വിശ്വസിക്കുന്നില്ല.

ഒടുവിലായി, നമ്മിൽ ദൈവത്തിന്റെ തീ ഇല്ല, കാരണം അതിനുള്ള വില കൊടുക്കുവാൻ നാം തയ്യാറല്ല. നാം ആഗ്രഹിക്കുന്നത് നൈമിഷകമായ, വിലപിടിപ്പില്ലാത്ത, വേദനയില്ലാത്ത ഉണർവ്വാണ്. നാം ചിന്തിക്കുന്നത്. ഉണർവ്വിന്റെ എല്ലാ പ്രായോഗികമായ ഫലങ്ങളും നേട്ടങ്ങളും കുറഞ്ഞവിലയ്ക്കോ വിലയില്ലാതെയോ ലഭിക്കണം എന്നാണ്.

വേദനയില്ലാതെ നമുക്കതുകിട്ടണം. പുതുജീവന്റെ സന്തോഷം അദ്ധ്വാനത്തിന്റെ ബദ്ധപ്പാടുകളോ വേദനയോ ഇല്ലാതെ ലഭിക്കണം. കീറിമുറിക്കൽ ഒന്നും ഇല്ലാതെ സൗഖ്യം കിട്ടണം. ദു:ഖമില്ലാതെ സന്തോഷം കിട്ടണം.

(ശേഷം അടുത്ത ലക്കം)

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975